For Private Circulation Only

March 2026

ആഗമനാരുണൻ

HOLY BIBLE

Vol.73

" ഒരുത്തനോടു ഒരുത്തൻ ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും.....എന്നു ആർത്തു പറഞ്ഞു " (1യോഹ. 5:12)

No.3

പുനരുത്ഥാന ജീവനും ശക്തിയും

By Samuel L.Brengle

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന് സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി (1പത്രൊ. 1:3).

ഉയിർത്തെഴുന്നേൽപ് എന്നത് ദൈവത്തിന്റെ സമ്പൂർണ്ണമായ തെളിവാണ് യേശു ദൈവത്തിന്റെ ക്രിസ്തു എന്ന നിലയിൽ തന്റെ പുത്രനിൽ അവിടുന്ന് മഹത്വപ്പെട്ടു. യേശുവിന്റെ സ്നാനത്തിൽ, പരിശുദ്ധാത്മാവ് പ്രാവ് രൂപത്തിൽ, തന്റെ മേൽ ഇറങ്ങി, സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദവും ഉണ്ടായി, " ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു ". (മത്താ. 3:17). എന്നാൽ അതിന് ശേഷം, യോഹന്നാൻ സ്നാപകൻ സംശയിച്ചു, ആളുകളെ അടുക്കൽ പറഞ്ഞയച്ചു, ചോദിച്ചു, വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ, (11:3). എന്നാൽ പുനരുത്ഥാനം ആണ് ഓരോ ചോദ്യങ്ങൾക്കും സമ്പൂർണ്ണ ഉത്തരം, സംശയങ്ങളെ എന്നേക്കുമായി തൂത്തെറിയുന്നു. പൗലൊസ് പറയുന്നതുപോലെ, താഴ്ചയുള്ള, കഷ്ടപ്പെടുന്ന, ക്രൂശിക്കപ്പെട്ടവനായ യേശു, നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേസുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ (റോമ. 1:4).

യേശു ക്രിസ്തു ദൈവത്തിന്റെ വെളിപ്പാടാണ്. ക്രിസ്തുവിൽ പിതാവായ ദൈവം ഉണ്ട്. പിതാവിന്റെ സ്നേഹത്തിന്റെ ഹൃദയം, സൗന്ദര്യമുള്ള, ആർദ്രതയുള്ള ജ്ഞാനം, അടങ്ങാത്ത ദാഹം, അമ്മയുടെ സ്നേഹത്തേക്കാൾ വലിയ സ്നേഹം യേശുക്രിസ്തുവിൽ നമുക്കു കാണാം. ക്രിസ്തുവിൽ പാപക്ഷമയുണ്ട്, വിശുദ്ധി, കളങ്കമില്ലാത്ത വിശുദ്ധി, സമ്പൂർണ്ണ നീതിയുണ്ട്, എല്ലാ അനീതിക്കെതിരെ വലിയ വെറുപ്പുണ്ട്.

ദൈവത്തെ വെളിപ്പെടുത്തുവാൻ യേശു ലോകത്തിലേക്ക് വന്നു. നഷ്ടപ്പെട്ട മനുഷ്യനെ രക്ഷിക്കുവാൻ യേശു ലോകത്തിൽ വന്നു, അവന്റെ ചീത്തയായ പ്രകൃതി, അവന്റെ തെറ്റുകൾ, പാപം ചെയ്യുവാനുള്ള അവന്റെ സ്വഭാവം, അവന്റെ അഹങ്കാരം, മോഹം, വഞ്ചനയുള്ള ഹൃദയം എല്ലാറ്റിൽ നിന്നും വിടുതൽ നൽകുവാനായി യേശു വന്നു. മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുവാൻ യേശു വന്നു, വീണ്ടും യോജിപ്പിക്കുവാൻ പ്രവൃത്തികളിൽ സഹതാപമുള്ള പ്രകൃതി, ഇഷ്ടം ദൈവത്തോട് അടുപ്പിക്കുവാൻ യേശു വന്നു. നമ്മെ വിശുദ്ധരാക്കുവാൻ അവിടുന്നു വന്നു, സന്തോഷം, ദൗത്യങ്ങളിൽ ശുഷ്കാന്തിയുള്ളവരാക്കുവാൻ, ദൈവത്തിന്റെ ഭയമില്ലാത്ത മക്കളാക്കി തീർക്കുവാൻ അവിടുന്ന് വന്നു. എന്നേക്കും നിലനില്ക്കുന്ന അവസാനക്കല്ലായ പുനരുത്ഥാനത്തിൻ മീതെ പണിയുവാൻ അവിടുന്ന് വന്നു.

വിശ്വാസത്തിന്റെ അടിസ്ഥാനം

വിശ്വാസത്താൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. വിശ്വാസം ദൈവവുമായി നമ്മെ ബന്ധപ്പെടുത്തുന്നു. നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ ദൈവത്തിന് നമ്മിൽ പ്രവർത്തിപ്പാൻ കഴിയും. താൻ നമുക്കു വേണ്ടി ചെയ്യുന്ന നന്മകളിൽ സംശയം വരുമ്പോൾ, അവിടുന്ന് നമുക്കുവേണ്ടി കാണിക്കുന്ന സ്നേഹവും നമുക്കുവേണ്ടിയുള്ള അഴിടുത്തെ ഉദ്ദേശവും തടയപ്പെടുന്നു. നാം ദൈവത്തിൽ ആശ്രയിക്കുന്നു. അല്ലെങ്കിൽ അവിടുത്തേയ്ക്ക് നമ്മെ രക്ഷിപ്പാൻ കഴികയില്ല. ഇപ്പോൾ യേശുവിന് വിശ്വാസത്തെ നിങ്ങളുടെ ഉളളിൽ സ്ഥാപിക്കുവാൻ കഴിയുകയില്ല. അവിടുന്ന് തന്റെ അത്ഭുതങ്ങളെ വെളിപ്പെടുത്തുന്നു, തന്റെ അത്ഭുത പ്രവൃത്തികളെ അവിടുന്നു ചെയ്യുന്നു, അവർ വിശ്വസിക്കേണ്ടതിന് എന്നാൽ അവർ പിന്നെയും സംശയത്തിൽ വീഴുന്നു. ക്ഷീണിച്ചവരായി തളർന്നവരായി ഒരു സന്ധ്യവേളയിൽ അവരുടെ പടകിൽ ഉറങ്ങുകയായിരുന്നു. ഒരു കൊടുങ്കാറ്റ് അഴരുടെ പടകിൽ ആഞ്ഞടിച്ചു, അവർ എഴുന്നേറ്റ് ഗുരുവിനെ ഉണർത്തി, പറഞ്ഞു, " ഗുരോ, ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്ക് വിചാരില്ലയോ? അവിടുന്ന് എഴുന്നേറ്റ്, അവരോട് ചോദിച്ചു, നിങ്ങൾക്ക് ഇപ്പോഴും വിശ്വാസം ഇല്ലയോ? (മർക്കൊ. 4:38,40). വീണ്ടും വീണ്ടും അവിടുന്ന് അവരോട് ചോദിച്ചു, എന്തിന് സംശയിച്ചു?

ക്രൂശീകരണത്തിനുമുമ്പ് താൻ അവരോട് പറഞ്ഞു, ഞാൻ പിതാവിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു, പിതാവിന്റെ അടുക്കൽ മടങ്ങിപ്പോകും. അകത്തു സന്തോഷമുള്ളവരായി അവർ പറയുന്നു, അതിന് അവന്റെ ശിഷ്യന്മാർ, ഇപ്പോൾ നീ സാദൃശ്യം ഒന്നും പറയാതെ സ്പഷ്ടമായി സംസാരിക്കുന്നു. നീ സകലവും അറിയുന്നു എന്നും ആരും നിന്നോട് ചോദിപ്പാൻ നിനക്ക് ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു. ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറഞ്ഞു (യോഹ. 16:29,30). എന്നാൽ അഴർ അറിയുന്നതിനെക്കാൾ യേശു അവരെ അറിയുന്നു, തങ്ങളുടെ വിശ്വാസവും പ്രത്യാശയും യേശു അവർക്കായി പണിയുന്നു. അവരുടെ വിശ്വാസം എത്ര ക്ഷീണിച്ചതാണ്, അസ്ഥിരമാണ് എന്ന് അവിടുന്ന് അറിയുന്നു, അവിടുന്ന് ശാന്തമായി മറുപടി പറഞ്ഞു. " യേശു അവരോട് ഇപ്പോൾ നിങ്ങൾ വിശ്വ

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പുനരുത്ഥാന ജീവനും ശക്തിയും

സിക്കുന്നുവോ? നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്ക് ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു, വന്നുമിരിക്കുന്നു; പിതാവ് എന്നോടുകൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ല താനും (വാക്യം 31,32).

സത്യമായിട്ടും, അവർ അവിടുത്തെ വിട്ടു പോകും. അവർ ഓടിപ്പോകും, അവിടുന്നി തനിയെ മരിക്കും. അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനം പൂർണ്ണമായിട്ടില്ല, തന്റെ ജീവിതം, അത്ഭുതങ്ങൾ, തനറെ വാക്കുകൾ, എല്ലാം പൂർണ്ണമാകുന്നത് മരണത്തിൽ നിന്നുള്ള തന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമാണ്. ഇപ്പോൾ അവർക്കു കഴിഞ്ഞു, അവർ ചെയ്യും, വിശ്വസിക്കുന്നവരോടുകൂടെ-

വിശ്വാസം അതു ചെറുതാകയില്ല

ഓരോ ശത്രു അതിനെ ഞെരുക്കമ്പോഴും

അത് ഭയപ്പെടുത്തുകയില്ല, ഓരോ തീരങ്ങളിലും

ഇപ്പോൾ അവർക്ക് ഒരു വിശ്വാസത്തിന്റെ അടിസ്ഥാനം ഉണ്ട്, അതിനു മുകളിൽ അവർ ദൈവത്തിന്റെ നഗരം പണിയും, അതിനു മുകളിൽ അവർ കുലുങ്ങാതെ,

ഭൂമിയുടെ അടിസ്ഥാനങ്ങൾ ഉരുകിപ്പോകുമ്പോൾ.

ആത്മാവിന്റെ സ്നാനം

എല്ലാവർക്കും യേശുവിന്റെ സ്നാനം ആവശ്യമാണ്. പരിശുദ്ധാത്മാവും തീയും, അത് അവരെ ശുദ്ധീകരിക്കയും ബലപ്പെടുത്തുകയും ചെയ്യും. അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിന് (എഫെ. 3:16), ക്രിസ്തു വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും തന്നെ. ഇത്, കാത്തിരുന്നു ശ്രദ്ധയോടെ പ്രാർത്ഥിച്ച്, അവർ പെന്തെക്കോസ്തു നാളിൽ അത് പ്രാപിച്ചു.

അവർക്ക് വ്യക്തമായ അറിവുണ്ടായിരുന്നു. ക്രിസ്തുവിന്റെ ആത്മാവ് അവരിൽ ഉണ്ടായിരുന്നു, വിശ്വാസം അവരിൽ ഉണ്ടായിരുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ ശക്തിയും അവരുടെ ഗുരുവിന്റേതാണ്. അവർ ദൈവത്തിന്റേതാണ്, അവിടുത്തെ സ്ഥാനാപതികൾ, അവർക്കരികിൽ അവിടുന്നുണ്ട്, അവരോടുകൂടെ അവരിൽ, അവിടുത്തെ ആത്മാവ് അവനു മുമ്പായി പോകുന്നു. അവിടുത്തെ അധികാരത്താൽ അവർ സംസാരിച്ചു, പ്രവർത്തിച്ചു, അവിടുത്തെ അനന്തമായ ഉറവിടങ്ങളുടെ ശക്തി, സ്നേഹം, ദയ, വിശ്വാസത്തിൽ

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ഓഫീ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നു പോയി നവംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

"അടിമവീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടു വന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷണതയുള്ള ദൈവം ആകുന്നു. എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യവും മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കണിക്കയും ചെയ്യുന്നു".

നിങ്ങൾ തീക്ഷ്ണമായ ആവേശത്തോടെ ദൈവത്തെ സേവിക്കുകയും നല്ല ആത്മീക നിലവാരം പുവർത്തുകയും ചെയ്യുമ്പോൾ കർത്താവ് സന്തോഷിക്കുന്നു. എന്നാൽ പ്രത്യാശയ്ക്ക് വകയില്ലാത്ത നിത്യനാശത്തിലേക്ക് പോകുന്നുവെങ്കിൽ നിങ്ങളെക്കുറിച്ച് കർത്താവ് ഭയപ്പെടുന്നു. മടങ്ങി വരിക. കർത്താവ് നിങ്ങളെ വിളിക്കുന്നു. എന്നാൽ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് എടുത്തു ചാടി അതിന്റെ ഓളങ്ങളിൽ നീന്തിത്തുടിക്കുന്നത് കാണുമ്പോൾ കർത്താവിന്റെ ഹൃദയം സന്തോഷിക്കുന്നു.

നാം നമ്മുടെ സ്വയത്തെ ത്യജിച്ച് ദൈവസ്നേഹത്തിന്റെ നിത്യമായ ബന്ധത്തിൽ നമ്മെ ഏല്പിക്കുമ്പോൾ അവിടുത്തെ കൃപയും ശക്തിയും നമ്മിൽ വർദ്ധിച്ചു വരും. പൂർണ്ണ ഹൃദയത്തോടെ പൂർണ്ണമനസ്സോടെ തിടുക്കത്തോടെ കർത്താവിനെ പിൻപറ്റുവാൻ ദൈവം നിങ്ങളെ സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

പുനരുത്ഥാന ജീവനും ശക്തിയും

നിന്നും പുറപ്പെടുന്ന ധൈര്യം അവർക്കുണ്ടായിരുന്നു. ദൈവത്തിന്റെ ശക്തമായ ഇടപെടലിനുവേണ്ടി അവർ പ്രാർത്ഥിച്ചു. ദൈവം അവർക്കു നൽകി. അഴരുടെ പ്രവൃത്തികളിൽ അവർ തൃപ്തരായിരുന്നില്ല. എന്നാൽ അവരുടെ സംതൃപ്തി അവരുടെ ദൈവത്തിന്റേത് ആയിരുന്നു. അവർ അറിയേണമായിരുന്നു, പുനരുത്ഥാനത്തിന്റെ ശക്തി, ആ ശക്തിയുടെ ഓഹരിക്കാരാകേണമായിരുന്നു. ആ ശക്തി തങ്ങളുടെ ഗുരുവിനെ മരണത്തിൽ നിന്നുയിർത്തെഴുന്നേൽപ്പിച്ചു, അതേ ശക്തി തന്നെയായി അവരിൽ പ്രവർത്തിക്കുന്നത്. ഹല്ലേലൂയ്യാ! അതെ, അത് അത്ഭുതമാണ്! ഇത് അവരെ ബലപ്പെടുത്തി. ഇത് അവരെ ആവേശം കൊള്ളിച്ചു. ഇത് പാപത്തിന്റെ എല്ലാ സ്വാധീനത്തിന്റെ മുമ്പിൽ അവരെ നിർഭയരാക്കി, ക്ഷമയുള്ളവരാക്കി.

അവരുടെ ശത്രുക്കളുടെ മുഖത്ത് അവരെ ലജ്ജയില്ലാതെ നോക്കുമാറാക്കി. അവർ പീഢകളെ നേരിട്ടു, കല്ലേറു, തടവറ എന്നിവ ധൈര്യത്തോടെ അവർ നേരിട്ടു. തങ്ങളുടെ ഗുരുവിനുവേണ്ടി ഏതു ത്യാഗവും സഹിപ്പാൻ അവർ തയ്യാറായി. തടവുകൾ നേരിട്ടപ്പോൾ അവർ പാട്ടുപാടി, ആ രാത്രികളിൽ ജയിലർമാർ മാനസാന്തരപ്പെടുവാനിടയായി. കഷ്ടതയിലവർ സന്തോഷിച്ചു. കഷ്ടതയിലും പ്രയാസങ്ങളിലും അവർ പാട്ടു പാടി. മരണത്തിങ്കൽ പുഞ്ചിരിച്ചു. ദൈവം അറിയാതെ ഒന്നും വരികയില്ല എന്നവർ ചിന്തിച്ചു. കല്ലറകളെ അവർ വെല്ലുവിളിച്ചു. ലോകത്തിൽ അത്ഭുതവിഷയമായ ഉയിർപ്പിന്റെ സന്തോഷം വിളിച്ചോതി, ആ ദൈവശക്തി എല്ലാടത്തും അവരോടൊപ്പം പോയി, പുരാതനമായ അന്ധവിശ്വാസങ്ങളും അതുളവാക്കുന്ന ഭീതികളും ഇല്ലാതാക്കി.

ക്രിസ്തുവിന്റെ ജീവനും ശക്തിയും അകത്ത്

യേശുവിന്റെ പുനരുത്ഥാനത്താൽ അവരുടെ വിശ്വാസം പൂർണ്ണമായി, അത് അവർ കാത്തിരുന്ന് പരിശുദ്ധാത്മാവ് പ്രാപിക്കുവാനായി അവരെ നടത്തി, ക്രിസ്തു അവരുടെ ഹൃദയങ്ങളിൽ വെളിപ്പെട്ടു. അവർക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആയിരുന്നു. അതുകൊണ്ട് അവരുടെ ജീവനും ശക്തിയും ക്രിസ്തു ആയിരുന്നു. കൊമ്പുകൾ എന്ന നിലയിൽ അവർ ജീവനും ശക്തിയും ക്രിസ്തുവിൽ നിന്നും പ്രാപിച്ചു, കൊമ്പുകൾ എന്ന നിലയിൽ അവർ ക്രിസ്തുവിനുവേണ്ടി ഫലം പുറപ്പെടുവിച്ചു, അതുകൊണ്ട് ക്രിസ്തുവിന്റെ ജീവനും ശക്തിയുമായി തങ്ങളിൽ ഉരുവാകാൻ ഇടയായി.

ക്രിസ്തുവിൽ ത്യാഗപരവും മരണമില്ലാത്തതുമായ സ്നേഹം ഉണ്ട്; ഈ സ്നേഹം അവരിൽ ഉരുവായി. അതെ, അവർ എത്ര സ്നേഹിക്കപ്പെട്ടു! അവർ ശത്രുക്കളെ സ്നേഹിച്ചു. തങ്ങളെ ഉപദ്രവിച്ചവർക്കു വേണ്ടി അവർ പ്രാർത്ഥിച്ചു. സ്തെഫാനോസിനെ കല്ലെറിഞ്ഞപ്പോൾ അവർ പ്രാർത്ഥിച്ചു. “ അവർക്ക് ഈ പാപം നിർത്തരുതേ ” (പ്രവൃത്തി.7:60). അവരുടെ സ്നേഹിതന്മാരുടെ സ്നേഹം തണുത്തുപോയി, പൗലോസ് ഇങ്ങനെ എഴുതി, “ ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായി പോകയും ചെയ്യും. ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ, നിങ്ങൾ എന്നെ അല്പമായി സ്നേഹിക്കുന്നുവോ” (2കൊരി.12:15).

സന്തോഷം, യേശുവിന്റെ സന്തോഷം, അവരിൽ പൂർണ്ണമായിരുന്നു. അവിടുന്ന് അനന്താരവകാശമായി അവിടുത്തെ സന്തോഷം കൊടുത്തു. അവരെ അനുഗ്രഹിച്ചു. അവിടുത്തെ മരണത്തിൽ അവർക്ക് ബാക്കി വയ്ക്കുവാൻ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ അവിടുത്തെ സന്തോഷം. എത്ര നല്ല നിധി! (യോഹ. 15:11).

അതെ, അതുപോലെ അവിടുത്തെ സമാധാനം അവർക്ക് വച്ചേച്ചുപോയി. “എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു... ” (യോഹ. 14:27). ഇത് പുനരുത്ഥാനത്തിന്റെ സമാധാനമാണ, സമാധാനം ഉറപ്പായി, അവസാനമില്ലാത്ത ജീവൻ, അതിന്മേൽ മരണത്തിനധികാരം ഇല്ല. കൊടുങ്കാറ്റ് ആഞ്ഞു വീശിയേക്കാം, എന്നാൽ ആഴമായ അവിടുത്തെ സമാധാനം വ്യാപരിച്ച്, പിതാവിൽ നി

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ.1;7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പുനരുത്ഥാന ജീവനും ശക്തിയും

ന്നും ഒഴുകി, പുത്രന്റെ സ്നേഹത്തോട് ചേർന്ന് അവരിലേക്ക് ഒഴുകുന്നു.

ഇപ്പോൾ, ദീർഘക്ഷമയ്ക്ക് പൂർണ്ണത വരുന്നു. നിത്യതയാണ് അവരുടെ ഹൃദയങ്ങളിൽ. അവർ സമയത്തിന്റെ സൃഷ്ടികളല്ല, പാപത്തിന്റെ അടിമകളാണ്, അവരുടെ പ്രിയ രക്ഷകൻ പാപത്തിൽ നിന്നും അവരെ രക്ഷിച്ചു. അതെ എത്ര ദയയാണ് അവരോട് കാണിച്ചത്. കർത്താവിന്റെ നിത്യമായ സ്നേഹത്താൽ അവർ രക്ഷ പ്രാപിച്ചവരായിത്തീർന്നു.

എല്ലാം നമ്മുടേതാണ്!

ഈ പുനരുത്ഥാനം ജീവനും അതിന്റെ ശക്തിയും നിങ്ങളുടേതും എന്റെതും ആകാൻ കഴിയുമോ? അതെ, ഇത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇത് നിങ്ങൾക്കും എനിക്കും വേണ്ടിയുള്ളതാണ്. ജീവനുള്ള ഓരോ കൊമ്പിനും വേണ്ടിയുള്ളതാണ്, ചെറിയതോ, വലിയതോ ആയ, മുന്തിരി വള്ളിയിൽ വസിക്കുന്ന ഓരോ കൊമ്പിനും ഉള്ളതാണ്. കർത്താവായ യേശു ഉയിർത്തെഴുന്നേറ്റു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അവിടുന്ന് ജീവനുള്ള ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? സന്തോഷത്തോടെ നിങ്ങളുടെ വായ് കൊണ്ട് അതു ഏറ്റു പറയുമോ? എങ്കിൽ പുനരുത്ഥാന ജീവനും ശക്തിയും ഈ മരിക്കാത്ത പ്രത്യാശയും നിങ്ങളുടേതാണ്, നിങ്ങൾ അത് പ്രാപിക്കും എങ്കിൽ. " യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റു പറകയും ദൈവം അവനെ മരിച്ചവരുടെയിടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമ. 10:9).

മനുഷ്യരുടെയും ദൂതന്മാരുടെയും മനസ്സല്ല

എപ്പോഴും സ്വപ്നം കാണുന്നദൈവപുത്രൻ

കാൽവറിയുടെ ക്രൂര്ായ ക്രൂശിൽ മരിപ്പാൻ

തന്റെ പരിശുദ്ധ രക്തത്താൽ നമ്മെ രക്ഷിപ്പാൻ

പാപികൾക്കുവേണ്ടി മരിച്ചു, ഇപ്പോൾ താൻ ജീവിക്കുന്നു

മഹത്വത്തിന്റെ പ്രകാശത്തിൽ നമുക്കുവേണ്ടി വാഴുന്നു; തന്റെ പരിശുദ്ധ രക്തത്താൽ സമാധാനം, അവിടുന്നു അപേക്ഷിക്കുന്നു

നമുക്കുവേണ്ടി വെളിച്ചത്തിന്റെ കുഞ്ഞുമക്കൾ.

എല്ലാം നമുക്കുവേണ്ടി, നാം ക്രിസ്തുവിനുള്ളവർ.

ക്രിസ്തു ദൈവത്തിന്റെ വക. ❖

പരസ്പരമുള്ള ധൈര്യപ്പെടുത്തലും ക്രിസ്തുവിലുള്ള ആത്മിക വർദ്ധനയും

By Rich Carmicheal

ആഗമന ദൂതന്റെ ശുശ്രൂഷയിലൂടെ ഇതിന്റെ പ്രവർത്തനങ്ങളെ പങ്കുവയ്ക്കാൻ കിട്ടിയ അവസരത്തിനായി സ്തോത്രം. നമ്മുടെ ജീവിതത്തിലെ പദവിയാണ് കാരണം. നാം വിശ്വസിക്കുന്ന ഈ പ്രധാനമായ വസ്തുതയെ മറ്റുള്ളവരുമായ പങ്കുവയ്ക്കുക. ഞങ്ങൾ വിശ്വസിക്കുന്നു നമുക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം എന്ന് പറയുന്നത് ക്രിസ്തുവിൽ അന്യോന്യം ധൈര്യപ്പെടുത്തുക എന്നുള്ളതാണ്. ദൈവം നല്ലവൻ എന്നുല്ള ദൂത് ആഗമനദൂതന്റെ ശുശ്രൂഷയ്ക്ക് സഹായമാണ്, അതായത്,പരസ്പരം ക്രിസ്തുവിൽ ധൈര്യപ്പെടുത്തുവാൻ ദൈവം നല്ലവൻ എന്ന് ഞങ്ങളുടെ വേലക്കാരും ശുശ്രൂഷയിലെ അംഗങ്ങളും സഹായങ്ങളിലൂടെ, പ്രാർത്ഥനയിലൂടെ വിശ്വാസത്തിൽ വായനക്കാരായ വരുടെ ഇടപെടലുകളിലൂടെ നിരന്തരം ഉണ്ടായിരിക്കുന്നതാണ്.

ക്രിസ്തു വാകുന്നു എല്ലാം

അപ്രകാരം പര്സപരധൈര്യപ്പെടുത്തലുകൾ വളരെ പ്രധാനമാണ്, ആത്യന്തികമായി ഒരേയൊരു കാര്യം എന്നത് ക്രിസ്തുവുമായി നമുക്കുള്ള ബന്ധമാണ്. എല്ലാറ്റിലുമുപരി പ്രധാന ലേഖനം നമ്മെ ഓർപ്പിക്കുന്നത്, അവിടുന്ന്, " ഞാൻ അൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കവനും ആദിയും അന്തവും ആകുന്നു " (വെളി. 22:13). ആ ലേഖനത്തിൽ എ.ബി.സിംസൻ വ്യക്തമാക്കുന്നത്, വസ്തുക്കളോടോ ആളുകളോടോ അവിടുത്തെ ഹൃദയം സ്നേഹത്തിന്റെ ഉറവിടമാണ് എന്ന് കാണും, അവിടുത്തെ പുഞ്ചിരി എല്ലാ സന്തോഷങ്ങളുടെയും ഉറവിടമാണ്, അവിടുത്തെ ജീവൻ എല്ലാറ്റിന്റെയും ആദ്യവും അഴസാനവുമാണ്. എല്ലാറ്റിന്റെയും ആരംഭവും അഴസാനവും അവിടുന്ന് ഭാഗമാകാത്ത ഒരുകാര്യവും ഇല്ല, സകലവും അവിടുന്നായി ബന്ധപ്പെട്ടവയായിരിക്കുന്നു.

ബൈബിൾ വളരെ നന്നായ വ്യക്തമാക്കുന്നു, ക്രിസ്തു എല്ലാറ്റിന്റെയും കേന്ദ്രമാണ്, ആ സത്യജീവിതം ക്രിസ്തുവിൽ മാത്രമാണ് നാം കാണുന്നത്. താഴെക്കാണുന്ന വേദഭാഗങ്ങൾ നമുക്ക് നോക്കാം.

അവമ് അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സകല സൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു, അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അഴൻ സർവ്വത്തിനും മുമ്പേയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിനും താൻ മുമ്പനാകേണ്ടതിന് അഴൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നും ആദ്യം ഉയിർത്തെഴുന്നേറ്റവനും ആകുന്നു " (കൊലൊ.1:15-18).

" ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. അഴൻ ആദിയിൽ ദൈവത്തോടും കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു " (യോഹ. 1:1-4). " ആ സാക്ഷ്യമോ ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നെ. പുത്രനുള്ളവന് ജീവൻ ഉണ്ട്. ദൈവപുത്രനില്ലാത്തവന് ജീവൻ ഇല്ല " (1യോഹ. 5:11,12).

അതുകൊണ്ട്, വീണ്ടും ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസ ജീവിതത്തിൽ യഥാർത്ഥമായി നമുക്ക് ക്രിസ്തുവുമായി ബന്ധമുണ്ട്. നാം അതിനെ വ്യത്യാസപ്പെടുത്താൻ ശ്രമിക്കുന്നു, ലോകത്തിന്റെ ഇടപെടലിനാൽ നിത്യമായതിനെ താല്ക്കാലികമായി ചുരുക്കുവാൻ താല്പര്യപ്പെടുന്നു. എന്നാൽ ക്രിസ്തു ആരാകുന്നു എന്ന് ജീവിതത്തിലൂടെ അറിയുവാനും, ക്രിസ്തു നമുക്കു വേണ്ടി കാൽവറി ക്രൂശിൽ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പരസ്പരം ഉള്ള..... ആത്മിക വർദ്ധനയും

മരിച്ചു എന്നത് യാഥാർത്ഥ്യമാകുന്നു എന്നും, അവിടുന്ന് മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റ് എന്നും, അവിടുന്ന് മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റു എന്നും സ്വർഗ്ഗോന്നതങ്ങളിലേക്ക് കരേറിപ്പോയി എന്നും വേഗത്തിൽ അവിടുന്ന് മടങ്ങിവരും എന്നും അറിയുന്നു.

ക്രിസ്തുവിന്റെ മഹത്വം!

അതെ, നാം ക്രിസ്തുവിനെ അറിയുന്നു, എന്നാൽ ഒരു ദിവസം വ്യക്തമായി കാണും! ക്രിസ്തുവാണ് എല്ലാം. ക്രിസ്തു നിത്യമായതാണ്അ, ക്രിസ്തു വഴിയും സത്യവും ജീവനും ആകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും ശക്തിയും ഉള്ളവനാണ് ക്രിസ്തു! സകല നാമത്തെക്കാളും ഉന്നതമായ നാമമുള്ളവനാണ് ക്രിസ്തു. " അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിലും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ് " എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും (ഫിലി. 2:9-11). അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ " ശക്തിയും ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. (വെളിയ 5:12). ക്രിസ്തു രാജാധിരാജവും കർത്താധികർത്താവും വീണ്ടും വരുന്നവനും ആകുന്നു (19:11-16).

അപ്പോസ്തലസനായ പൗലൊസ് ക്രിസ്തുവിന്റെ തേജസിന്റെ പ്രകാശത്താൽ പിടിക്കപ്പെട്ടു (കാണുക പ്രവൃത്തി. 26:12,18), 2കൊരി. 12:1-4). തന്റെ അടങ്ങാത്ത ആഗ്രഹം ക്രിസ്തുവിനെ അറിയുവാൻ കാരണമായി. തന്റെ ജീവിതവും ശുശ്രൂഷയും ക്രിസ്തു കേന്ദ്രീകൃതമായിത്തീർന്നു. നാലും ഉദാഹരണങ്ങളിൽ നിന്നും ക്രിസ്തുവിന് വേണ്ടിയുള്ള തന്റെ എരിവു നമുക്ക് മനസിലാക്കാം. " അത്രയുമല്ല എന്റെ കർത്താവായ യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ടത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന നീതി തന്നെ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപ്പെട്ടിട്ട് അവനെയും അഴന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും (ഫിലി.3:8-10).

ക്രിസ്തു എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളൂ എന്ന് പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം എങ്കിൽ ഏത് തെരഞ്ഞെടുക്കേണ്ടൂ എന്ന് ഞാൻ അറിയുന്നില്ല. അവ രണ്ടിനാലും ഞാൻ ഞരങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ കൂടെയിരിപ്പാൻ എനിക്ക് കാംക്ഷയുണ്ട് അത് അത്യുത്തമമല്ലോ (ഫിലി. 1:20-23).

" ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് (ഗലാ. 2:20).

" അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനെയും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശിക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു. (കൊലൊ. 1:28,29)

ക്രിസ്തുവിനോടു സമ്പൂർണ്ണ ധ്യാനം

അപ്പോസ്തലനായ പൗലൊസിനെപ്പോലെ നമ്മുടെ ഓരോ ധ്യാനങ്ങളിലും നമ്മുടെ കണ്ണും ഹൃദയവും ദൈവത്തിൽ ഏകാഗ്രമാക്കിയിരിക്കാം. അവിടുന്ന് സമ്പൂർണ്ണനും നിത്യനും മഹത്വവാനും ആയിരിക്കുന്ന ദൈവപുത്രൻ മാത്രമല്ല, സൃഷ്ടിതാവും സകലത്തിന്റെയും പരിപാലകൻ ആണ്, അവിടുന്ന് വീണ്ടും വരുന്ന കർത്താവാണ്, നമ്മെ സ്നേഹിക്കുന്ന ദൈവവും തന്റെ ജീവനെ നമുക്കുവേണ്ടി നൽകിയവനുമാണ്. ഒരു നിമിഷം അവിടുന്ന് ക്രൂശിന്റെ ചുവട്ടിൽ ഇരുന്ന് നമ്മുടെ ഹൃദയങ്ങളെ തുറന്ന് അവിടുത്തെ സ്നേഹത്തിന്റെ വലിപ്പത്തെ ഒന്ന് അറിയുന്നത് വളരെ അത്യാവശ്യമാണ്. തനിക്കുള്ള എല്ലാറ്റെയും നമുക്കുവേണ്ടി നൽകി നമ്മുടെ പപക്ഷമയ്ക്കു വേണ്ടി കാൽവറി ക്രൂശിൽ കഷ്ടതയനുഭവിച്ചു മരിച്ചു, നമ്മെ വീണ്ടെടുത്തു നമ്മെ തന്റെ രക്തത്താൽ നമ്മെ സ്വതന്ത്രരാക്കി! നമ്മെ പൂർമായി അവിടുത്തെ സന്നിധിയിൽ പൂർണ്ണമായി സമർപ്പിപ്പാൻ അവിടുന്ന് യോഗ്യൻ, അതിന് അധികം യോഗ്യൻ തന്നെ.

നാം അവിടുത്തെ നോക്കുമ്പോൾ, നാം അവിടുത്തെ വരവിനായി നോക്കിപ്പാർക്കുന്നു, " ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന് തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു " (തീത്തോ. 2:13,14). പാപങ്ങളെയും ഭാരങ്ങളെയും വിട്ട് നമ്മെ ദൈവത്തിനായി സമർപ്പിച്ച് പൂർണ്ണമായി ഏല്പിച്ച്, തന്റെ സ്നേഹത്തെ പര്സപരം പങ്കുവച്ചു മുന്നേറുവാനുള്ള സമയമിതല്ലേ? അതെ, നമുക്ക് ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യഥാവല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ " (1കൊരി. 15:58).

ഈ ലേഖനത്തെക്കുറിച്ച്

ഇവയെല്ലാം മനസ്സിൽ സൂക്ഷിച്ച് പ്രത്യാശയോടെ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ നിങ്ങൾ ചെയ്യുന്നതെല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്തും കൊണ്ടിരിപ്പിൻ. നിങ്ങൾക്ക് ലഭിച്ച ഈ ദൂത്, എങ്ങനെ എല്ലാ കാര്യത്തിലും ദൈവത്തിൽ ആശ്രയിപ്പാൻ കഴിയും എന്നും ഒരു പുതിയ ജീവിതം കർത്താവിനോടുകൂടെ അവിടുത്തെ മരണപുനരുത്ഥാനങ്ങളിൽ എങ്ങനെ കൂട്ടായ്മ കാണിക്കാം എന്ന് ഏല്പിക്കയും ചെയ്യേണ്ടതാണ്. നമ്മുടെ ജീവിതത്തെയും ശുശ്രൂഷയെയും ഒരു നിമിഷം ചിന്തി

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ഞങ്ങൾ പാപത്തെ ജയിക്കുന്നു

ച്ച് ക്രിസ്തുവിന്റെ സ്നേഹം, ജീവിതം, വിശുദ്ധി, സന്തോഷം, വിജയം ഇവയെല്ലാം നമ്മിലൂടെ നമ്മിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ എന്ന് ചിന്തിക്കുകയും വേണം അപ്പോസ്തലനായ പൗലൊസ് വ്യക്തമാക്കുന്നതുപോലെ എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:13).

അതു നിമിത്തം ഞാനും നിങ്ങൾക്ക് കർത്താവായ യേശുവിലുള്ള വിശ്വാസത്തേയും സകല വിസുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ട് നിങ്ങൾക്ക് വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്ത് എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും, നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിച്ചിട്ട് അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നു നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്ത് എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴെയാക്കി വച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അഴന്റെ ശരീരമായ സഭയ്ക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെ.1:15-23). ❖

ക്രിസ്തു കേന്ദ്രീകൃത ജീവിതം

By A.E. Reinschmidt

ക്രിസ്തു കേന്ദ്രീകൃത ജീവിതം എന്നു പറഞ്ഞാൽ ക്രിസ്തുവിലുള്ള ആശ്രയമാണ്. ക്രിസ്തു വസിക്കുന്ന ഒരുവന്റെ ഹൃദയം എന്നത് ഒരു വലിയ മാറ്റം ഉണ്ടായിട്ട് ഹൃദയം തന്റെ സ്വയത്തിൽ നിന്നു കർത്താവിൽ വസിക്കുന്ന അനുഭവമാണ്. ആശ്രയിക്കുന്നതിലൂടെ ഓരോ അനുഗ്രഹവും വരുന്നു; ഇടവിട്ടുള്ള ആശ്രയം അനുഗ്രഹങ്ങൾ നഷ്ടമാവുന്നു.

സ്ഥിരമായ, ആടിപ്പോകാത്ത ആശ്രയം അവശ്യം ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നു എങ്കിൽ സ്ഥിരമായ ആശ്രയം ആത്മീയ ജീവിതത്തിന് വളരെ പ്രധാനമാണ്. ഒരു ആരോഗ്യമുള്ള ശരീരം അതിന്റെ ഹൃദയമിടിപ്പ് വളരെ പ്രധാനമാണ്. ഹൃദയം താളം തെറ്റിയാൽ നാം എല്ലാവരും ഭയപ്പെടുന്നു. പല ക്രിസ്ത്യാനികളിൽ അവരുടെ ഹൃദയത്തിന്റെ താളം തെറ്റിയ നിലയിലാണ്.

ദൈവത്തിലുള്ള ആശ്രയത്തിന് തടസ്സം വരുത്തിയാൽ ആത്മിക ഹൃദയം തോൽവിയിലാകാം, അതിന്റെ അർത്ഥം ആത്മീക മരണം. ഇതിന്റെ അർത്ഥം ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ നിന്നും ഇറങ്ങിപ്പോയി, സ്വയം ഹൃദയത്തിൽ കയറിപാർപ്പു തുടങ്ങി. സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. യോഹവയാം യാഹിൽ ശാശ്വതമായൊരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ (യെശ. 26:3,4).

ഒരുവന്റെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് ക്രിസ്തു വസിക്കുന്നു. ആ ജീവിതം നിറയെ പരിശുദ്ധാത്മാവ് ആയിരിക്കും. ഒരുവൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനുള്ള വഴി അതായിരിക്കും. ധാരാളം ആളുകൾ പരിശുദ്ധാത്മാവ് പ്രാപിക്കുവാൻ കുറുക്കുവഴികൾ തെരെഞ്ഞെടുക്കാറുണ്ട്. പക്ഷേ അവർ പ്രാപിക്കുന്നില്ല. ക്രിസ്തു സ്വർഗ്ഗത്തിലേക്ക് തന്റെ പിതാവിന്റെ സിംഹാസനത്തിലേക്ക് കയറിപ്പോയപ്പോൾ, പരിശുദ്ധാത്മാവിനെ അവിടുന്ന് സഭക്കായി പകർന്നുകൊടുക്കുവാനിടയായി(പ്രവൃ. 2:33). ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതത്തിലേക്ക് വരും.

പരിശുദ്ധാത്മാവിനെ നാം പ്രാപിച്ച് അതിനെ വച്ചുകൊണ്ടിരിക്കുമ്പോൾ നാം ചോദിക്കണം, വിശ്വസിക്കണം, അനുസരിക്കണം. അനുസരണക്കേടു ക്രിസ്തീയ ജീവിതത്തിനപകടമാണ്. അനുസരണക്കേട് നമ്മുടെ ഉറപ്പിനെ ഇല്ലാതെയാക്കുന്നു. ഉറപ്പു ഇല്ലാതെയായാൽ ആശ്രയിപ്പാനുള്ള കഴിവ് ഇല്ലാതെയാക്കുന്നു. പ്രിയമുള്ളവരേ, നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗൽഭ്യം ഉണ്ട് (1യോഹ. 3:21).

" ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് " (ഗലാ. 2:20).

നിന്റെ വഴി യഹോവയെ ഭരമേല്പിക്ക, അവനിൽ തന്നെ ആശ്രയിക്ക അവൻ അത് നിർവ്വഹിക്കും. (സങ്കീ. 37:5).

നിങ്ങൾ സമയങ്ങളിൽ നിങ്ങളുടെ വഴിയിൽ ആശ്രയിച്ച് ഇത്, അത്, അഥവാ മറ്റുള്ളവർ കർത്താവിന്; നാം എപ്പോഴെല്ലാം ദൈവത്തിൽ ആശ്രയിച്ചിട്ടുണ്ടോ അതാണ് ഒരു ആശ്രയ ജീവിതം. ഇതാണ് സ്വയത്തിന്മേൽ ജയമെടുക്കാനുള്ള ഏക വഴി.

നിമിഷം തോറും ദൈവത്തിൽ ആശ്രയിക്ക;

ദിവസം തോറും ദൈവത്തിൽ ആശ്രയിക്ക;

എപ്പോഴും ദൈവത്തിൽ ആശ്രയിക്ക;

യേശുവിൽ ആശ്രയിക്ക, അതാകുന്നു എല്ലാം.

നിങ്ങൾ നിങ്ങൾക്കായി വിചാരപ്പെടരുത്, വഴിയിലുടനീളം പുഞ്ചിരിക്കരുത്. നിങ്ങളുടെ വഴിയിലൂടനീളം സന്തോഷിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കില്ല, എന്നാൽ നിങ്ങളുടെ വഴിയിലുടനീളം നിങ്ങൾക്ക് ആശ്രയിപ്പാൻ കഴിയും.

മനുഷ്യർ ചെയ്യുന്ന ക്രിസ്തീയ ജീവിതം അവർക്ക് പ്രയാസമായിതോന്നാം. കൂടുതൽ അവർ ആശയക്കുഴപ്പത്തിലാവും, ഇഷ്ടമായി തോന്നാം. മനുഷ്യന്റെ കുഴഞ്ഞു മറിഞ്ഞ അനുഭവങ്ങളിൽ നിന്നും സ്വതന്ത്രമാകാം. ധൈര്യത്തോടെ ക്രിസ്തുവിങ്കലേക്കു മടങ്ങി വരാം (2കൊരി. 11:3).

മനുഷ്യർ ചെയ്യുന്ന ക്രിസ്തീയ ജീവിതം അവർക്കു

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ക്രിസ്തു കേന്ദ്രകൃത ജീവിതം

പ്രയാസമായിതോന്നാം. കൂടുതൽ അവർ ആശ.ക്കുഴപ്പത്തിലാവും, ഇഷ്ടമായിത്തോന്നാം. മനുഷ്യന്റെ കുഴഞ്ഞു മറിഞ്ഞ അനുഭവങ്ങളിൽ നിന്നും സ്വതന്ത്രമാകാം. ധൈര്യത്തോടെ ക്രിസ്തുവിങ്കലേക്ക് മടങ്ങി വരാം. (2കൊരി. 11:3).

എല്ലാ കുഴപ്പങ്ങളും പഴയ മനുഷ്യനോടുകൂടെ, എന്നാൽ പാപം കാരണമാക്കുന്ന ഒരു കാര്യം. അത് ഹൃദയങ്ങളിൽ സ്വയം ഭരണം, വാതിൽ അടച്ച് ക്രിസ്തുവിനെ പുറത്താക്കുന്നു. എന്നാൽ ആത്മാവിന്റെ വഴി, വിശുദ്ധ വഴി വിജയകരമായ ജീവിതം ക്രിസ്തുവിനെ കേന്ദ്രമാക്കുന്നു, ഹൃദയം അവിടുത്തേക്ക് വിട്ടുകൊടുക്കുന്നു, അത്യാവശ്യമായി, സ്ഥിരമായ ആശ്രയിത്തിലൂടെ ഇത് വളരെ എളുപ്പം ആളുകൾ അതിലേക്ക് വീഴാതിരിക്കട്ടെ.

ക്രിസ്തുവിൽ സമ്പൂർണ്ണ സമർപ്പണം ചെയ്യുന്നു എന്ന നിലയിൽ ക്രിസ്തുവിനെ നിങ്ങളുടെ മനസിന്റെ സിംഹാസനത്തിലിരുത്തുകയും സ്വയത്തെ പുറത്താക്കുകയും വേണം. ജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ഇതേ വഴി തെരഞ്ഞെടുക്കണം. ക്രിസ്തീയ ജീവിതം ആത്മാവിൽ നിറഞ്ഞ് വിശുദ്ധ ജീവിതം, വിജയകരമായ ജീവിതം ഓരോ നിമിഷവും ജീവിക്കണം. ഇപ്പോൾ തന്നെ തുടങ്ങുക. ഒന്നാമതായി ദൈവത്തിൽ ആശ്രയിക്ക, അതിനുശേഷം മറ്റു കാര്യങ്ങൾ ചെയ്യുക, കർത്താവിന്റെ ബലത്തിൽ

സ്വയത്തിൽ നിന്നും ക്രിസ്തുവിലേക്ക്

സ്വയത്തിൽ നിന്നും പുറുത്തു വന്ന്, പഴയ മനുഷ്യനെ ഉരിഞ്ഞു കളക (കൊലൊ. 3:9), എന്താണ് പഴയ മനുഷ്യൻ? പഴയ മനുഷ്യൻ നിങ്ങളാണ്, സ്വയം നിങ്ങളെ നിയന്ത്രിക്കുമ്പോൾ നിങ്ങളുടെ ചിന്തകളെ നിയന്ത്രിക്കുന്നു, സംസാരത്തെയും പ്രവൃത്തികളെയും നിയന്ത്രക്കുന്നു. ക്രിസ്തു ഉള്ളിൽ വരുമ്പോൾ, പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു (കൊലൊ. 3:10). എന്താണ് പുതിയ മനുഷ്യർ? ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വന്ന് നിങ്ങളുടെ ഓരോ ചിന്തകളെയും നിയന്ത്രിക്കുമ്പോൾ, വാക്കുകളും പ്രവൃത്തികളും അവിടുന്ന് ജീവിച്ച് നിങ്ങളിലൂടെ പ്രവർത്തിച്ച് നിങ്ങളെ തന്റെ സന്തോഷത്താൽ നിറയ്ക്കുന്നു.

" ഞാനല്ല, എന്നാൽ ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" ഇത് നിങ്ങൾക്ക് ഒരു ശരിയായ അനുഗ്രഹമല്ലേ? ❖

ക്രിസ്തുവിന്റെ അവസാനമില്ലാത്ത സ്നേഹം

By Octavius Winslow

" ..... അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി....." (1പത്രൊ.2:24).

ദൈവത്തിന്റെ വിശുദ്ധി വിശുദ്ധിയെ കാണിക്കുന്ന, ലോകത്തിൽ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ അനന്തമായ വെളിപ്പാട് തന്റെ പ്രിയപുത്രന്റെ കഷ്ടതയും മരണവുമാണ്. കാൽവരി ക്രൂശ് വെളിപ്പെടുത്തുന്നത്, ദൈവത്തിന് പാപത്തോടുള്ള വെറുപ്പും, അതിനെ ലോകത്തിൽ നിന്നും ഉന്മൂലനം ചെയ്യുവാനുള്ള ദൈവത്തിന്റെ പദ്ധതിയും ആണ്.

അതെ നാം അതിനെക്കുറിച്ച് പഠിക്കുമ്പോൾ ഈ രണ്ട് വസ്തുതകൾ ശ്രദ്ധേയമാണ്. പാപത്തിന്റെ വെറുക്കപ്പെട്ട അവസ്ഥയും സ്നേഹത്തിന്റെ അനന്തമായ വിശുദ്ധിയും! ദൈവത്തിന്റെ സ്നേഹം തന്റെ പുത്രനെ മരണത്തിനേൽപ്പിക്കുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ചു, ക്രിസ്തു നമുക്കുവേണ്ടി മരിക്കുന്നു, ദുഷ്ടതക്കും പാപത്തിനും എതിരായി പ്രവർത്തിക്കുന്നു. ഒരു ദിവ്യമായ ത്യാഗം ആവശ്യപ്പെടുന്നു, വിശുദ്ധിയുള്ള വിലയേറിയ ഒരു യാഗം.

ക്രൂശിങ്കലേക്ക് പോകുക, എന്നിട്ട്, എന്റെ പ്രിയ വായനക്കാരാ, ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചു പഠിക്കുക. യേശുവിനെക്കുറിച്ച് വിലയിരുത്തുക. അവിടുത്തെ പരിശുദ്ധമായ ഹൃദയം, പാപമില്ലാത്ത തന്റെ ഹൃദയം. എന്നിട്ട് തന്റെ ആത്മാവിന്റെ ദു:ഖം, തന്റെ ശരീരത്തിന്റെ ദണ്ഡനം, തന്റെ മരണവേദന, അപമാനം, ജഡാവതാരം എടുക്കുവാൻ തക്കവണ്ണമുള്ള തന്റെ താഴ്മ.

ഞാൻ ചോദിക്കട്ടെ, "നിങ്ങൾ നിൽക്കുന്നു, ഈ അതുല്യമായ വ്യക്തിത്വത്തിനു മുമ്പിൽ ദൈവത്തിന്റെ വിശുദ്ധിക്കു മുമ്പിൽ ആദരവ് കാട്ടുവാൻ കഴിയുന്നുണ്ടോ".

എത്ര പരിധിയില്ലാത്ത ആഴമായ സമുദ്രം!

നിത്യമായ സ്നേഹം സ്വർഗ്ഗത്തിൽ നിന്നും പുത്രനെ ഭൂമിയിലേക്ക് അയക്കുവാൻ, ഒരു കിരീടത്തിന് വേണ്ടി ക്രൂശ്, സ്വർഗ്ഗീയമായവസ്ത്രം നമുക്കുവേണ്ടി മാറ്റിവച്ചു. നമ്മുടെ പാപത്തിന്റെ വസ്ത്രം അവിടുന്ന് ധരിച്ചും അതെ, എത്ര നിത്യമായ സ്നേഹമാണ് ക്രിസ്തുവിന്റെ സ്നേഹം! കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവരോട് ചോദിക്ക, അവരുടെ ബന്ധനങ്ങൾ അഴിച്ചു, തടവറതുറന്നു, അവരുടെ സ്വാതന്ത്ര്യം ഉറപ്പാക്കി എല്ലായ്പ്പോഴും അവിടുത്തെ സ്നേഹം!

വീണ്ടെടുപ്പു വിലയെക്കുറിച്ച് എന്താണഅ പറയാനുള്ളത്? ഏറ്റം ഉത്തമമായത്. വിലയേറിയത്, അത് സ്വർഗ്ഗം നമുക്കു നൽകി! അവിടുന്ന് തന്നെത്താൻ നമുക്കു വേണ്ടി നൽകി! എത്ര അധികമായ അവിടുന്ന് നമുക്ക് നൽകി. അഴിടുന്ന് തന്നെത്തന്നെ നമുക്കു നൽകി. ദേഹം, ദേഹി, ആത്മാവ്, തന്റെ സമയം നമുക്കുവേണ്ടി നൽകി, തന്റെ അദ്ധ്വാനം, തന്റെ രക്തം, തന്റെ ജീവൻ, അവിടുത്തെ എല്ലാം നമ്മുടെ വീണ്ടെടുപ്പ് വിലയായി കൊടുത്തു. അവിടുന്ന് ക്രൂശ് ചുമന്നു. നമുക്കുവേണ്ടി തന്നെത്താൻ യാഗമായിത്തീർന്നു. എന്നിട്ട് പുത്രനെ നമുക്കുവേണ്ടി ഏല്പിച്ചു, പിതാവിന്റെ കരം ഇറങ്ങിവന്നു. ചുടുരക്തം നമ്മുടെ രക്ഷയ്ക്കു വേണ്ടി ഊറ്റിതന്നു.

നമുക്കു എന്തു തോന്നുന്നു അത്ഭുതം! അതെ വീഴ്ചയുള്ള നമ്മുടെ പ്രകൃതി, നമ്മുടെ പാപമുള്ള ഹൃദയം എത്ര നീചമായത്! തന്റെ രക്തത്തിന്റെ തുള്ളികൾ നമ്മെ ചലിപ്പിക്കയില്ലയോ? താൻ ക്രൂശിൽ അനുഭവിച്ച വേദനകൾ നമ്മെ ചിന്തിപ്പിക്കുന്നില്ലയോ? തന്റെ മരണം ഒരു വിശുദ്ധജീവിതം ചെയ്യുവാൻ നമ്മെ നിർബ്ബന്ധിക്കുന്നില്ലയോ?

ഈ ബന്ധനമില്ലാത്ത സ്നേഹത്തിന്റെ ആഴക്കടലിൽ എത്തുചാടുക

ക്രിസ്തു തന്നെ അവിടുത്തെ അത്ഭുത സ്നേഹം. സ്നേഹമാണ് ആദ്യത്തേതും നിത്യവുമായ ക്രിസ്തുവുമായി നമ്മെ ബന്ധിപ്പിക്കുന്ന ചരട്, ഉന്നതങ്ങളിൽ നിന്നും താണു വന്നു ഭൂമിയിലേക്കിറങ്ങി. ക്രിസ്തു നമ്മെ സ്നേഹിച്ചു എന്നുള്ളത് അത്ഭുതങ്ങളുടെ ആരംഭമാണ്. അതിന്റെ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ അവസാനമില്ലാത്ത സ്നേഹം

നീളവും വീതിയും ആഴവും ഉയരവും നമുക്ക് അളക്കുവാൻ സാധ്യമല്ല ആ സ്നേഹം ആ ദിവ്യ സ്നേഹം, ആ നിത്യമായ സ്നേഹം, ആ എന്നേക്കും നിലനിൽക്കുന്ന സ്നേഹം, ആ വീണ്ടെടുക്കുന്ന നമുക്കുവേണ്ടി മരിക്കുന്ന സ്നേഹം. ഇത് ഒരു സമുദ്രമാണ്, അതിന്റെ നിത്യമായ അലകൾ വീവ്ചയുള്ള ഈ ലോകത്തിൽ വന്നു.

അവിടുത്തെ സ്നേഹം നമ്മെ തേടി വന്നു, നാം പാപികളായിരിക്കുമ്പോൾ തന്നെ നമ്മെ തേടി വന്നു, തന്റെ ഹൃദയത്തെ നമ്മിലേക്ക് തിരിച്ചു, തെരഞ്ഞെടുക്കുന്നു, നമുക്കുവേണ്ടി മരിക്കുന്നു, രക്ഷിക്കുന്നു, ഒടുവിൽ മഹത്വത്തിലേക്ക് നമ്മെ ചേർക്കുന്നു, നാം ആര് എന്ന് അറിയാം ആയിരിക്കെ നാം എന്താകും എന്ന് തെളിഞ്ഞിരിക്കെ ഇത് അത്ഭുത സ്നേഹം തന്നെയാണ്.

ഈ ആഴമായ പരിധിയില്ലാത്ത സ്നേഹക്കടലിൽ എടുത്തു ചാടാം, അതോ പാപഭാരം ചുമക്കുന്നവരേ ഇത് നിങ്ങളുടെ പാപങ്ങളെ ആകവേ ക്ഷമിക്കും ഇത് നിങ്ങളുടെ പാപങ്ങളെ മറെക്കും. ഇത് നിങ്ങളുടെ എല്ലാ കഴിവുകേടുംകളുടെയും മുകളിൽ ഒഴുകും. അതിന്റെ സ്വർണ്ണതിരകൾ നിങ്ങളെ തഴുകും. ഇത് നിങ്ങളെ നിത്യതയുടെ തീരത്തെത്തിക്കും.

നിങ്ങളെപ്പോലെ ഒരുവന്റെ മേൽ ദൃഷ്ടിവച്ച് പാലിക്കുന്നതെത്ര അത്ഭുതം! അവിടുന്ന് നിങ്ങളുടെ പാപം പോക്കി തന്റെ നിത്യമായ സ്നേഹം നിങ്ങളുടെ മേൽ പകരുകയില്ലയോ? എന്നാൽ വിശ്രമിക്കരുത്, ക്രിസ്തുവിന്റെ പരിധികൂടാതെയുള്ള സ്നേഹത്തിന്റെ മുമ്പിൽ തൃപ്തിയടരുത്. ഇത് അത്ഭുതകരമായ വിലപ്പെട്ടതാണ്. ഈ സ്നേഹക്കടൽ പരിധിയില്ലാത്തതാണ്. അളക്കാൻ പറ്റാത്തതാണ്, അതിൽ നിങ്ങൾ എടുത്തു ചാടണം, നിങ്ങളുടെ എല്ലാ പാപഭാരങ്ങളും ദു:ഖങ്ങളും അതിന്റെ നിറവുകളും, അത്ഭുതകരമായ അതെ, ആഴമേ, നല്ല ആഴം ധാരാളമായി കുടിക്കുക, അതെ, സ്നേഹിതരേ.

"നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവനായി വീതിയും നീളവും ആഴവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്താൽ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളവും നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു" (എഫെ. 3:18,19).

നിങ്ങൾക്കുവേണ്ടി

"എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു" (ഗലാ.2:20). നിങ്ങളുടെ ഹൃദയത്തിൽ യേശു വലിയവനാണോ? നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും വലിയ അത്ഭുതവും പ്രശാവും അഴിടുന്ന് ആണോ? അവിടുന്ന് നിങ്ങളെ ഏറ്റവും അദികം സ്വാധീനിക്കുന്നുവോ? നിങ്ങൾ യേശുവിനെ സ്നേഹിക്കുന്നുവോ?

നിങ്ങൾ നിങ്ങളിലുള്ള വെളിച്ചം തെളിയിച്ച് കാൽവറിയുടെ യാഗപീഠത്തിലുള്ള യേശുവിനെ കാണുക. നിങ്ങൾ അവിടെ പോകുക, നിങ്ങളെ സ്നേഹിച്ച സ്നേഹത്തെക്കുറിച്ച് പഠിക്കുക, വിശ്വസിക്കുക. സ്നേഹത്തിന്റെ വ്യാപ്തിയെക്കുറിച്ച് നിങ്ങൾക്കുവേണ്ടി യാഗമായിത്തീർന്ന കർത്താവിനെ, എത്ര നമ്മെ സ്നേഹിച്ചു, പാടുപെട്ടു, രക്തം ഒഴുകി, മരിച്ചു.

ഈ സ്നേഹത്തിന്റെ മുമ്പിൽ നിങ്ങൾക്ക് നില്ക്കാൻ കഴിയുമോ ഈ സ്നേഹം വിലയേറിയത്, വലിയത്, വളരെ സഹിച്ചു, സ്വയം യാഗമായി, മാറ്റമില്ലാത്തത് ഈ യാഗം നിങ്ങൾക്കു വേണ്ടി എന്നറിക. ഈ ക്രൂശു നിങ്ങൾക്കുവേണ്ടി, ഈ വേദന നിങ്ങൾക്കുവേണ്ടി, ഈ കഷ്ടത പരിഹാസം നിങ്ങൾക്കുവേണ്ടി ഈ മരണം നിങ്ങൾക്കുവേണ്ടി യുക്തിക്ക് നിരക്കാത്തത് എന്ന് തോന്നിയോ, നിർവ്വികാരണമാണോ, സ്നേഹിക്കാതിരിക്കാൻ കഴിയുമോ? സാധ്യമല്ല.

തള്ളപ്പെടരുത്, പിന്നെ, വെറുതെ നഷ്ടബോധത്തോടെ കർത്താവിനെക്കുറിച്ച് തണുത്ത സമീപനമാണുള്ളത്. ചഞ്ചല ഹൃദയമോടെയാണ്.

അത്ഭുതകരമായ സ്നേഹം

യേശുവിന്റെ ക്രൂശ്, നമുക്ക് തന്നോടുള്ള സ്നേഹത്തെ കാണിക്കുന്നു. ഇതിനെ കാൽവറിയുടെ ചുവട്ടിലേക്ക് കൊണ്ടുവരിക എന്നുള്ളത് പ്രയാസമായി തോന്നിയിരിക്കാം, സ്നേഹത്തിന്റെ പ്രദർശനമായിട്ടും തോന്നിയേക്കാം. നിശ്ചയമായിട്ടും ഈ വിശ്വാസം ഒരു അത്ഭുതമാണ്. തുല്യതയില്ലാത്ത യേശുവിന്റെ സ്നേഹം, കാൽവറിയിലൂടെ നമുക്കു വരുന്ന പാപക്ഷമ, തണുത്ത ഹൃദയം ചുടുള്ള കാഴ്ചപ്പാടായി മാറും. യേശു സ്നേഹിക്കുന്നു എന്ന് വിശ്വസിക്കുക, ആ സ്നേഹമുള്ള ഹൃദയം അനുസരണത്തിലും ക്ഷമയിലേക്കും പോകുക, വിശ്വാസത്തിന്റെ വേലയും ക്ഷമയുള്ള കഷ്ടതയും, എരിഞ്ഞു ശോഭിക്കുന്ന വിളക്കും ആയി സ്വർഗ്ഗം നമുക്കു ആയിത്തീരുന്നു. അത്ഭുതപ്പെടുത്തുന്ന സ്നേഹം, നമുക്കു പകരമായി മരിക്കുവാൻ തന്നെത്താൻ ഏല്പിച്ചു തന്ന സ്നേഹം, നിങ്ങളുടെ ഹൃദയങ്ങളെ തന്നോട് അടുപ്പിക്കയും ചെയ്യുന്നു. ❖

ക്രിസ്തുവിൽ വസിക്കുക

By F.B.Meyer

എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. (യോഹ. 15:5). എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:13).

അവിടുത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴികയില്ല. ക്രിസ്തുവിൽ നാം വസിക്കുമ്പോൾ എനിക്കു കഴിയാത്തതായി ഒന്നുമില്ല. ഒരു മനസ്സോടെ ക്രിസ്തുവിൽ ഐകമത്യത്തോടെ ജീവിക്കുന്ന, എതിരായി പൊങ്ങുന്ന എല്ലാ ശക്തിയെയും തകർത്ത് ഉറപ്പോടെ അതിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന ഒരുവന്റെ വിശ്വാസത്തെ തകർക്കുവാൻ ആലാലും സാധ്യമല്ല. ഞങ്ങൾ ചെയ്യുന്നതു ഈ വേലയിൽ ഒഴുകുന്ന ദൈവശക്തിയുടെ പ്രവാഹം ഓരോ സാധ്യമായ അത്യാവശ്യമാണ്. ഇതിന്റെ സാന്നിദ്ധ്യം തൽക്കാലം വ്യക്തമല്ല എങ്കികലും ഞങ്ങൾക്ക് ഈ സാന്നിദ്ധ്യം അനുഭവിപ്പാൻ കഴിയുന്നുണ്ട്. നാം തന്നെ ആധിപത്യം നടത്തുമ്പോൾ; പരീക്ഷയില്ല, ഒരു സ്വകാര്യതയുമില്ല നാം ക്ഷമയോടെ കൈകാര്യം ചെയ്യുമ്പോൾ ഒരു പ്രയാസവുമില്ല നാം തന്നെ ആധിപത്യം നടത്തുമ്പോൾ, പ്രദർശനമില്ലെങ്കിൽ ഒരു പ്രവൃത്തിയുമില്ല; നാം അങ്ങനെ ചെയ്തില്ലെങ്കിൽ ഏറ്റുപറച്ചിലുമില്ല, സാക്ഷ്യവുമില്ല, നമ്മുടെ ആത്മാക്കൾ യേശുക്രിസ്തുവുമായി ശരിയായ കൂട്ടായ്മ ആവശ്യമാണ്. ദിവസംതോറും മണിക്കൂർതോറും എന്നാൽ ആരോഗ്യകരമായിരിക്കും.

❖

ക്രിസ്തു എല്ലാറ്റിലും എല്ലാം

By Thomas Watson

" ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു " (കൊലൊ. 3:11).

ക്രിസ്തു എല്ലാം ദിവ്യ സഹായി. ഒരു ക്രിസ്ത്യാനിയുടെ ബലം ക്രിസ്തു ആണ്, " എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു " (ഫിലി. 4:13). എങ്ങനെയാണ് ഒരു ക്രിസ്ത്യാ നി തന്റെ ദൗത്യങ്ങൾ ചെയ്യുവാൻ പ്രാപ്തനാകുന്നത്, പരീക്ഷകളെ ജയിക്കുന്നു- എന്നാൽ ബലപ്പെടുത്തുന്നതിലൂടെ അല്ലയോ? ഒരു ചെറിയ കൃപ വസിക്കുന്നത് തെറ്റുകളുടെ സമുദ്രത്തിൽ അല്ലയോ പീഢകളുടെ കാറ്റു ഊതുന്നു. ഈ ചെറിയ കൃപയെ ക്രിസ്തു തന്റെ കരങ്ങളിൽ വഹിക്കുന്നില്ലയോ. എങ്ങനെയാണ് നരത്തിലെ അലറുന്ന സിംഹം വിശുദ്ധന്മാരെ നശിപ്പിക്കുന്നത്? കാരണം യഹൂദഗോത്രത്തിന്റെ സിംഹം അവരെ കാക്കുന്നു! ക്രിസ്തു നമുക്ക് കിരീടം മാത്രമല്ല നൽകുന്നത് നമ്മുടെ പരിചയും കൂടെ. നാം ജയിക്കുമ്പോൾ പൂമാലമാത്രമല്ല നൽകുന്നത് ജയിക്കുവാനുള്ള ശക്തി യും കൂടെ നൽകുന്നു. "അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും ജയിച്ചു (വെളി. 12:11). ക്രിസ്തു കൃപയെ കാത്തു നില നിർത്തുന്നു. പത്രൊസിന്റെ പരിച തകർന്നു പോയി, ക്രിസ്തു തന്നെ ധൈര്യപ്പെടുത്തി, ഇത് അങ്ങനെ തകർന്നു പോകുന്നതല്ല. " ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കു വേണ്ടി അപേക്ഷിച്ചു " (ലൂക്കൊ. 22:32). ഇത് സമ്പൂർണ്ണ പരാജയമല്ല. വിശുദ്ധന്മാരുടെ വിജയത്തിന്റെ കിരീടങ്ങൾ ക്രിസ്തു അവർക്കു വേണ്ടി ക്രമീകരിക്കുന്നു.

എല്ലാ നിറവുകളും ദൈവത്തിൽ വസിക്കുന്നു ഘകൊലൊ. 1:19). ക്രിസ്തു ആത്മാവിന്റെ ആഗ്രഹമാണ്. ക്രിസ്തു അണിയുവാനുള്ള സൗന്ദര്യമാണ്, ധനവാന്മാരാക്കുന്ന പൊന്ന്, സൗഖ്യമാക്കുന്ന ലേഖനം, ബലപ്പെടുത്തുന്ന അപ്പം, ആശ്വസിപ്പിക്കുന്ന വീഞ്ഞ്, രക്ഷയുടെ കിരീടം. നാം അപകടത്തിലായിരിക്കുമ്പോൾ, ക്രിസ്തു നമ്മുടെ പരിച, നാം ആശ്വാസം നഷ്ടപ്പെട്ടിരിക്കുമ്പോൾ, അവിടുന്ന് നമുക്കു സൂര്യൻ. അവിടുന്ന് ധാരാളമായി നമ്മെ അനുഗ്രഹിക്കുന്നു.

നമ്മുടെ ക്രൂശുകളെ എല്ലാം അവിടുന്ന് വിശുദ്ധീകരിക്കുന്നു. അവയെല്ലാം നമ്മുടെ ആത്മാവിന്റെ ഔഷധങ്ങൾ ആണ്. അവ പാപത്തെ പുറത്താക്കുന്നു. കൃപ പെരുകുമാറാക്കുന്നു. അവിടുന്ന് ജീവിതമാകുന്ന വയലിന്റെ കമ്പികൾ നേരെയാക്കുന്നു.

ക്രിസ്തു ആകുന്നു എല്ലാം എങ്കിൽ നിങ്ങൾക്ക് അവിടുത്തെ അങ്ങനെ ആക്കി തീർക്കുക

ക്രിസ്തുവിന്റെ എല്ലാം ആക്കി തീർക്കുക നിങ്ങളുടെ അരിവിൽ. ക്രൂശിക്കപ്പെട്ട യേശുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണം എന്ന് ഞാൻ നിർണ്ണയിച്ചു. (1കൊരി. 2:2). അതെ, ക്രിസ്തുവിനെ എല്ലാം ആക്കുക! യേശുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായിരിക്ക. മറ്റുള്ള ഈ കാര്യങ്ങളെക്കുറിച്ച് അറിയാമെങ്കിലും അതിൽ ഒന്നാമത്തെ സ്ഥാനം ക്രിസ്തുവിന് കൊടുക്കുക. യേശു ക്രിസ്തുവിന് ഒന്നാം സ്ഥാനം കൊടുക്കുക, സൂര്യൻ പ്രപഞ്ചത്തിലെ ഒരു ചെറിയ നക്ഷത്രം എന്നപോലെ. ഇതാണ് വലിയ അറിവ്. സൂക്ഷ്മ ബുദ്ധികളോ പരിജ്ഞാനം അണിയുന്നു (സദൃ. 14:18). നാം ക്രിസ്തുവിനെ അറിയാതെ, നാം നമ്മെത്തന്നെ അറിയുകയില്ല. ക്രിസ്തു നമ്മുടെ ഒഴിഞ്ഞ അവസ്ഥയും ദാരിദ്ര്യവും നമ്മെ കാണിക്കുന്നു. നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയാനുള്ള യോഗ്യത നമ്മുടെ ബലഹീനതകൾ കണ്ടു പിടിക്കുന്നതുരവെ നാം പ്രാപിക്കയില്ല. യേശുക്രിസ്തുവിൽ കൂടെയല്ലാതെ നമുക്ക് ദൈവത്തെ അറിയുവാൻ കഴിയുകയില്ല (2കൊരി. 4:6).

ക്രിസ്തുവിനെ എല്ലാം ആക്കി കാണിക്കുക. നമ്മുടെ പ്രവൃത്തികളിലൂടെ. ക്രിസ്തുവിനെ അല്ലാതെ ഒന്നും ആഗ്രഹിക്കാതിരിക്കുക. അവിടുന്ന് ആണ് എല്ലാ നല്ല പ്രവർത്തികളുടെയും ഉറവിടം. " നിങ്ങൾ ക്രിസ്തുവിൽ പൂർണ്ണരാണ്..... "(കൊലൊ. 2:10). ക്രിസ്തുവാണ് ക്രിസ്ത്യാനികളുടെ പൂർണ്ണത . എന്തിന് നമ്മുടെ ആത്മാവ് കുറച്ച് കാര്യങ്ങൾ ആഗ്രഹിക്കണം? യേശുവിനെ അല്ലാതെ ഒന്നിനെയും സ്നേഹിക്കരുത്. സ്നേഹം തെരഞ്ഞെടുക്കപ്പെട്ട പ്രവൃത്തിയാണ്. ഇത് പ്രകൃതിയുടെ ആഭരണമാണ്. അതെ, ക്രിസ്തു നിങ്ങൾക്ക് എല്ലാം ആകുന്നു എങ്കിൽ എല്ലാറ്റെക്കാളും നന്നായി അവിടുത്തെ സ്നേഹിച്ചു.

ക്രിസ്തുവിനെ എല്ലാം ആക്കുക. നിങ്ങളുടെ കഴിവുകളിൽ എല്ലം അവിടുത്തെ ബലത്തിൽ ചെയ്യുക. " ഒടുവിൽ കർത്താവിലും അവിടുത്തെ അമിത ബലത്തിലും ശക്തിപ്പെടുവിൻ " (എഫെ.6:10). നിങ്ങൾ പരീക്ഷയെ എതിർത്തു നിൽക്കുമ്പോൾ അഥവാ ഒരു തെറ്റിനെ തിരുത്തുമ്പോൾ നിങ്ങളുടെ സ്വന്ത ബലത്തിൽ നിന്നും പുറത്തു പോകരുത്, എന്നാൽ ക്രിസ്തുവിന്റെ ബലത്തിൽ ചെയ്യുക. കർത്താവിൽ ബലത്തോടെ നില്ക്ക. ചിലർ വേലക്കായി പുറത്തു പോകുന്നത് തങ്ങളുടെ കഴിവുകളിലുള്ള ബലത്തിലാണ്. പാപത്തിനെതിരേ സ്വന്തം ബലത്തിലൂന്നി പോകുന്നു. അവർ പരാജയപ്പെടുന്നു. കഷ്ടം! എന്താണ് നമ്മുടെ പ്രവൃത്തികൾ, ശിംശോനെ കെട്ടാൻ കൊണ്ടുവന്ന കയറാണോ! ഒരു പാപമുള്ള ഹൃദയം ഇതിനെ വേഗത്തിൽ പൊട്ടിക്കും. ഗോലിയാത്തിനെ തിരെ പോകുന്ന ദാവീദിന്റെ പ്രവൃത്തികളാണോ. അവൻ പറഞ്ഞു. കർത്താവിന്റെ നാമത്തിൽ ഞാൻ വരുന്നു. അതുകൊണ്ട് ഗോലിയാത്തിനോട് ഇങ്ങനെ പറയുക, യേശുവിന്റെ നാമത്തിൽ ഞാൻ നിന്റെ അടുക്കലേക്ക് വരുന്നു. അപ്പോൾ അവനെ ജയിക്കും, യഹൂദാ ഗോത്രത്തിന്റെ സിംഹം നമ്മോടുകൂടെ ഉണ്ട്. ❖

ക്രിസ്തുവിനെ അറിയുക , സ്നേഹിക്കുക

ക്രിസ്തുവിനെ അറിയുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്, ശരിയായി വിചിന്തനം ചെയ്താൽ വളരെ കുറച്ചു അറിവേ നമുക്ക് നമ്മുടെ കർത്താവിനെക്കുറിച്ച് ഉള്ളൂ. വഴിയിൽ അവിടുത്തെ അനുഗമിക്കണം, എങ്ങനെയാണ് തന്നെ സ്നേഹിക്കേണ്ടതെന്ന് നന്നായി പഠിക്കണം. നാം മനസ്സോടെ എല്ലാം ത്യാഗം ചെയ്യണം, ജീവിതത്തിലെ സകലവും, മറ്റെല്ലാറ്റെക്കാളുമുപരി അവിടുത്തേയ്ക്ക് വേണ്ടി നമ്മുടെ ഹൃദയത്തിൽ ഒരിടം നാം കണ്ടെത്തണം. ❖